**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലമ്പൂർ നഗരസഭ – 5 ശുചീകരണ തൊഴിലാളികളുടെ അധിക തസ്തിക സൃഷ്ടിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.3544/2016/തസ്വഭവ    തിരുവനന്തപുരം, തീയതി : 29 /12/2016

പരാമർശം : 1) നിലമ്പൂർ നഗരസഭാ കൗൺസിലിന്റെ 29/01/2016 ലെ 26-ാം നമ്പർ തീരുമാനം.
2) നിലമ്പൂർ നഗരസഭാ സെക്രട്ടറിയുടെ 23/02/2016 തീയതിയിലെ എച്ച്1-5757/11 നമ്പർ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 22/08/2016 തീയതിയിലെ ഇ 2-5857/2016 നമ്പർ കത്ത്.

## ഉത്തരവ്

01/11/2010 മുതൽ നിലമ്പൂർ ഗ്രാമപഞ്ചായത്തിൽ നിന്നും നഗരസഭയായി പരിവർത്തനം ചെയ്യപ്പെട്ട നിലമ്പൂർ നഗരസഭയിൽ ശുചീകരണ തൊഴിലാളികളുടെ 10 തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും, നഗരസഭാ പരിധിയിലെ മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിലുള്ള തൊഴിലാളികൾ അപര്യാപ്തമാണെന്നും ആയതിനാൽ പരാമർശം (1) ലെ നഗരസഭാ കൗൺസിൽ തീരുമാനം അനുസരിച്ച് 5 ശുചീകരണ തൊഴിലാളികളുടെ അധിക തസ്തിക കൂടി അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം നിലമ്പൂർ നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷ സർക്കാർ പരിഗണിക്കണമെന്ന് സൂചന (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലമ്പൂർ നഗരസഭാ കൗൺസിലിന്റെ തീരുമാനവും നഗരസഭാ ചെയർമാന്റെ കത്തും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും പരിഗണിച്ച് നിലമ്പൂർ നഗരസഭാ പരിധിയിലെ മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിലുള്ള ശുചീകരണ തൊഴിലാളികളുടെ അപര്യാപ്തത കണക്കിലെടുത്ത്, സംസ്ഥാ

സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകരുത് എന്ന നിബന്ധനയിൽ ടി തസ്തികകളിൽ നിലവിലുള്ള ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം മാത്രമേ നിയമനം നടത്താവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ശുചീകരണ തൊഴിലാളികളുടെ അധിക തസ്തിക സൃഷ്ടിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ.എം.കെ**
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നിലമ്പൂർ നഗരസഭ
ചെയർമാൻ, നിലമ്പൂർ നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ